വാസ്തുവിദ്യ

**ആദർശ്കുമാർ** *



# സ്വീകരണമുറി എങ്ങനെ വേണം?

കാറ്റും വെളിച്ചവും കടക്കുന്ന തരത്തിൽ, സാമാന്യം വലുപ്പത്തിലാണ് ഡ്രോയിംഗ് റൂം അഥവാ സ്വീകരണമുറി പണിയേണ്ടത്. പണമുണ്ടെങ്കിൽ മോടിപിടിപ്പിക്കാം.

സ്വീകരണമുറിയുടെ സ്ഥാനം വടക്കു കിഴക്കോ, വടക്കോ, കിഴക്കോ ആകുന്നതാണ് ഉത്തമം. തെക്കുകിഴക്കു ഭാഗത്ത് പാടില്ല. സ്വീകരണമുറിയുടെ വടക്കുകിഴക്കു ഭാഗത്ത് കൂടുതൽ സ്ഥലം ആഗ്രഹിക്കുന്നെങ്കിൽ വടക്കുകിഴക്ക് ദിശയിൽ ചരിച്ചാണ് നിർമ്മിക്കേണ്ടത്.

സ്വീകരണമുറിയിലെ ഫർണ്ണിച്ചറുകൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കുക. സോഫ, സെറ്റി മുതലായവ കിഴക്ക്, വടക്ക് ഭാഗങ്ങളിലെ ഭിത്തിയോട് ചേർത്തിടരുത്. കൂടുതൽ ഭാരമുള്ള വസ്തുക്കളുടെ സ്ഥാനം തെക്കോ പടിഞ്ഞാറോ ആയിരിക്കണം. വടക്കുകിഴക്കുഭാഗത്ത് ഇടുന്നെങ്കിൽ താരതമ്യേന ഭാരം കുറഞ്ഞ ഫർണ്ണിച്ചറായിരിക്കണം. കാർപെറ്റോ മറ്റു സാധനങ്ങളോ തറയിൽ വിരിക്കുന്നെങ്കിൽ കിഴക്കും വടക്കും ഭിത്തിയിൽ തൊടാതിരിക്കാൻ ശ്രദ്ധിക്കണം. വലുപ്പവും ഭാരവും കൂടിയ ചെടികളുണ്ടെങ്കിൽ പടിഞ്ഞാറുഭാഗത്തേക്കോ തെക്കുഭാഗത്തേക്കോ നീക്കിവയ്ക്കുക. അലങ്കാര വിളക്കുകളിൽ ഭാരം കൂടിയവ മുറിയുടെ മദ്ധ്യഭാഗത്തു നിന്ന് തെക്കോട്ടോ പടിഞ്ഞാറോട്ടോ മാറ്റിയിട്ടാൽ നല്ലത്. മുറിക്കകത്ത് ഫർണിച്ചർ 'L' ആകൃതിയിൽ സജ്ജീകരിക്കുക. സോഫ, സെറ്റി, കസേര എന്നിവ മുൻവാതിലിന് അഭിമുഖമായി ഇടണം. കുടുംബനാഥന്റെ കസേര തെക്കോ പടിഞ്ഞാറോ ആയിരിക്കുന്നതാണ് നല്ലത്. കിഴക്കോ വടക്കോ അഭിമുഖമായി വേണം ഇരിക്കേണ്ടത്.

ചിലർ പുരാതനസ്വഭാവമുള്ള അപൂർവ്വ വസ്തുക്കൾ വാങ്ങി സ്വീകരണമുറിയിൽ പ്രദർശിപ്പിക്കാറുണ്ട്. ലോഹനിർമ്മിതമായ ആകർഷകവസ്തുക്കൾ മുറിയുടെ വടക്കു ഭാഗത്ത് സജ്ജീകരിക്കുന്നതായിരിക്കും നല്ലത്. ടെലിവിഷൻ വടക്കുകിഴക്ക് ഭാഗത്ത് വയ്ക്കരുത്.

ദു:ഖവും ക്രൂരതയും സ്ഫുരിക്കുന്ന ചിത്രങ്ങളും ക്രൂരമൃഗങ്ങളുടെ ചിത്രങ്ങളും ചുമരിൽ തൂക്കരുത്. ചില വീടുകളിൽ വാളും പരിചയുമൊക്കെ തൂക്കിയിട്ടിരിക്കുന്നത് കാണാം. ഇത്തരം വീടുകളിൽ കലഹമുണ്ടാകാമെന്ന് വാസ്തുശാസ്ത്രം പറയുന്നു.

വെള്ള, മഞ്ഞ, ഇളംപച്ച, ഇളംനീല എന്നീ നിറങ്ങളാണ് സ്വീകരണമുറിക്ക് ഉത്തമം.

കുടുംബാംഗങ്ങൾക്ക് ഒത്തുചേരാനും ആശയവിനിമയത്തിനുമുള്ള ഇടമാണ് ലിവിംഗ് റൂം.

വീടിന്റെ ബ്രഹ്മസ്ഥാനത്തോ അതിനോടടുത്ത ആയിരിക്കണം ലീവിംഗ് റൂം സജ്ജമാക്കേണ്ടത്. തികച്ചും ആഹ്ളാദകരമായ അന്തരീക്ഷമായിരിക്കണം ഇവിടെ.

ലീവിംഗ്റൂമിൽ കയറിയാലുടൻ സ്റ്റെയർകേയ്സ് കണ്ണിൽപ്പെടാൻ പാടില്ല. ലീവിംഗ് റൂമിന്റെ പ്രധാനവാതിൽ കിഴക്കോട്ടോ വടക്കോട്ടോ ആകുന്നതാണ് ഉത്തമം. ചെടിച്ചട്ടികളുടെ സ്ഥാനം തെക്കു പടിഞ്ഞാറുഭാഗത്തായിരിക്കണം. കാറ്റും വെളിച്ചവും കയറുന്ന തരത്തിൽ ജനാലകളുണ്ടായിരിക്കണം. ജനാലകളുടെ എണ്ണം വടക്കും കിഴക്കും ഭാഗങ്ങളിൽ കൂടുതൽ ഉണ്ടെങ്കിൽ നല്ലതാണ്. ജലധാരാസംവിധാനം വടക്കുകിഴക്കും അക്വേറിയം വടക്കുഭാഗത്തെ ഭിത്തിയോട് ചേർന്നുമായിരിക്കണം.






വാസ്തുവിദ്യ, ജ്യോതിഷം, രേഖാശാസ്ത്രം തുടങ്ങിയവിഷയങ്ങൾകൈകാര്യം ചെയ്യുന്ന ആദർശ്കുമാർ ഇന്ത്യൻ ബഹിരാകാശ ഗവേഷ ണകേന്ദ്രത്തിലെ എൻജിനീയറാണ്. ആരോഗ്യ രേഖാശാസ്ത്ര ത്തിൽ ഗവേഷണം നടത്തുന്നു. ഫോൺ: 95471 2441002.


>>> കല *ഭവായ് ഏതു സംസ്ഥാനത്തെ കലാരൂപമാണ്? ഗുജറാത്ത്*




www.aadarshkumar.com